GVHSS KANHANGAD

KANHANGAD SOUTH

## ജി വി എച്ച് എസ് എസ് കാഞ്ഞങ്ങാട്

# ലഹർ

ലിറ്റിൽ കൈറ്റ്സ്  ഡിജിറ്റൽമാഗസിൻ 2023-202

# TABLE OF CONTENTS


03
ആശംസ

05
നമ്മുടെ വിദ്യാലയം

08
ആൽക്കമിസ്റ്റ്

[illegible]
അല(ഹ)ങ്കാരം

13
വർണ്ണക്കാഴ്ചകൾ

17
എന്റെ കേരളം

20
കവിത

22
കവിത

23
പരിസ്ഥിതി
മലിനീകരണ

24
എന്റെ
വിദ്യാലയ

26
പ്രബന്ധം

34
[illegible]

36
[illegible]

37
പ്രവർത്തനങ്ങൾ

38
Achievements








# ആശംസ

ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സൃഷ്ടികൾ ചേർത്ത് കൊണ്ട് വിദ്യാലയത്തിലെ ലിറ്റിൽ kites നേതൃത്വത്തിൽ തയ്യാറാക്കിയ 'ലഹർ ' ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

ശ്രീമതി ശാലിനി.കെ
പ്രധാനാധ്യാപിക

# ആശംസ

നൂതന സാങ്കേതികവിദ്യയുടെ പിൻബലത്തിൽ നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് കേഡറ്റുകൾ ”ലഹർ” എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നതിൽ അതിയായ സന്തോഷമുണ്ട്. കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കാനും അറിവിന്റെ ചക്രവാളത്തിലേക്ക് ഉയർത്തുവാനും ഇതിന് സാധിക്കട്ടെ ഈ ഉദ്യമത്തിൽ അത്യന്തം പ്രയത്നിച്ചവർക്കെല്ലാം എല്ലാവിധ ആശംസകളും നേർന്നു കൊള്ളുന്നു



പിടിഎ പ്രസിഡന്റ്
സുധീഷ് ഒഴിഞ്ഞവളപ്പ്

a

# നമ്മുടെ വിദ്യാലയം




കാഞ്ഞങ്ങാട് നഗരത്തിന്റെ പ്രാന്ത പ്രദേശത്ത് സ്ഥിതി ചെയ്യുന്ന മുമ്പ് സൗത്ത് കാനറിയുടെ ഭാഗമായിരുന്ന പൊതുവിദ്യാലയമാണ് ജി. വി എച്ച് എസ് എസ് കാഞ്ഞങ്ങാട്. അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളിൽ ജില്ലയിൽ തന്നെ ഏറ്റവും ശ്രദ്ധേയമായ സ്ഥാനം വഹിക്കുന്ന വിദ്യാലയം ആണിന്ന്. 1903ൽ ഗവൺമെന്റ് ബസിക് ഹിന്ദു എലമെന്ററി സ്കൂൾ എന്ന പേരിൽ ആരംഭിച്ച ഈ വിദ്യാലയം ഇന്ന് മികവിന്റെ ഏറ്റവും വലിയ നെറുകയിൽ എത്തി നിൽക്കുകയാണ്. 20223 വർഷത്തെ എസ്എസ്എൽസി പരീക്ഷയിൽ 100% വിജയവും കൂടുതൽ കുട്ടികൾക്ക് മുഴവൻ വിഷയത്തിലും എ

പ്ലസ് നേട്ടവും ഉണ്ടായിരിക്കുകയാണ്. ഏറ്റവും നൂതനമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന് എസ് എസ് കെയുടെ ഇന്നവേറ്റീവ് സ്കൂൾ അവാർഡും കഴിഞ്ഞവർഷം സ്കൂളിന് ലഭിക്കുകയുണ്ടായി. കലാകായികരംഗത്തും ശാസ്ത്ര - സാമൂഹ്യശാസ്ത്ര ഗണിത-ശാസ്ത്ര പ്രവർത്തി പരിചയമേളകളിലും ശാസ്ത്രരംഗം, വിദ്യാരംഗം വേളകളിലും എല്ലാം അസൂയാപരമായ നേട്ടമാണ് വിദ്യാലയം കരസ്ഥമാക്കിയത്. ഓരോ വർഷവും യുഎസ്എസ്, എൻ എം എം എസ് പരീക്ഷകളിൽ കൂടുതൽ കുട്ടികളെ വിജയികളാക്കുവാനും സാധിക്കുന്നു.

ഒന്നു മുതൽ വിഎച്ച്എസ്ഇ ക്ലാസുകൾ വരെ പ്രവർത്തിക്കുന്ന വിദ്യാലയത്തിൽ ആയിരത്തിയിരുന്നോറിലധികം കുട്ടികൾ പഠനം നടത്തുന്നുണ്ട്. ജെ ആർ സി, സ്കൗട്ട് തുടങ്ങിയ യൂണിറ്റുകൾ നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട് വിവിധ വിഷയ ക്ലബ്ബുകളും മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. സ്കൂളിൽ ലൈബ്രറി ലാബ് ഐടി ലാബ് സംവിധാനങ്ങൾ സ്കൂളിന്റെ പ്രധാന ആകർഷണമാണ്.വളരെ ക്രിയാത്മകമായി പ്രവർത്തിക്കുന്ന പിടിഎ നമ്മുടെ സ്കൂളിന്റെ മുതൽക്കൂട്ടാണ്. ജാഗ്രത സമിതി, എസ്.എം.സി, മദർ പിടിഎ, വികസന സമിതി പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ എന്നിവയും ശ്രദ്ധേയ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു.

# ഭൗതികസൗകര്യങ്ങൾ

3 ഏക്കർ ഭൂമിയിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത് കൂടാതെ പിടിഎ വിലക്ക് വാങ്ങിയ50 സെന്റ് സ്ഥലവും നിലവിലുണ്ട് സ്കൂളിന് ഏകദേശം 35ഓളം ക്ലാസ് മുറികളും ലൈബ്രറി,കമ്പ്യൂട്ടർ ലാബ്,മൾട്ടിമിഡിയ റും ബ്രോഡ്ബാന്റ്,ഇന്റർനെറ്റ്കണക്ഷൻ എന്നിവയുണ്ട് ഹൈസ്കൂൾ,യി.പി വിഭാഗങ്ങളിൽ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക്

# പാഠ്യേതര പ്രവർത്തനങ്ങൾ

- സ്കൗട്ട് & ഗൈഡ്സ്
- വിദ്യാരംഗം കലാ സാഹിത്യ വേദി.
- ക്ലബ്ബ് പ്രവർത്തനങ്ങൾ.
- ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ

# ആൽക്കമിസ്റ്റ്

സഫലമാക്കാൻ തക്കവണ്ണം ഉള്ള ഒരു സ്വപ്നം മനസ്സിൽ ഉണ്ടാകുമ്പോഴേ ജീവിതം അർത്ഥപൂർണ്ണമാകൂ. ആൽക്കമിസ്റ്റ് പൗലോ കൊയ്‌ലോയുടെ ലോകപ്രശസ്ത നോവൽ. *71* ലോകഭാഷകളിൽ വിവർത്തനം ചെയ്തു *43* ദശലക്ഷം കോപ്പികൾ വിൽപനയായ പുസ്തകം.

സാന്റിയാഗോ എന്ന യുവാവിന്റെ ജീവിതമാകുന്ന യാത്ര വിവരണം. പിതാവ് ഒരു പുരോഹിതനാക്കാൻ സെമിനാരിയിൽ ചേർത്തെങ്കിലും യാത്ര ഇഷ്ടപ്പെട്ട് അവൻ പഠനം ഉപേക്ഷിച്ച് ആട്ടിടയനാകുന്നു. ഒരു ദിവസം ആട്ടിൻപറ്റവുമായി ഇടിഞ്ഞു പൊളിഞ്ഞ പള്ളിയിൽ വിശ്രമിക്കുമ്പോൾ മുമ്പ് പലതവണ കണ്ട അതേ സ്വപ്നം അവൻ വീണ്ടും കാണുന്നു. സ്വപ്നത്തിന്റെ അർത്ഥം പറഞ്ഞു കൊടുക്കുന്ന ഒരു വൃദ്ധ അവനോട് പറഞ്ഞു നിധി ലഭിക്കും എന്നാണ് ആ സ്വപ്നത്തിന് അർത്ഥമെന്ന്. അത് കേട്ട് തന്റെ സമ്പാദ്യമായ ആടുകളെ വിൽപ്പന നടത്തിയിട്ട് പിരമിഡുകൾക്കിടയിൽ ഉള്ള തന്റെ സ്വപ്നത്തിലെ നിധി തേടി അവൻ അങ്ങോട്ടേക്ക് യാത്ര തിരിക്കുന്നു. ആ യാത്രയിൽ അവനൊരുപാട് കഷ്ടപ്പാടുകളും ദുരിതങ്ങളും അനുഭവിക്കേണ്ടി വന്നു. ഒരാൾ എന്തെങ്കിലും നേടാൻ വേണ്ടി ആത്മാർത്ഥമായി

ആഗ്രഹിക്കുന്നുവെങ്കിൽ ആ ആഗ്രഹം സഫലമാക്കാൻ ഈ ലോകം മുഴുവൻ അവന്റെ സഹായത്തിന് എത്തും. ഒരാളും ഭയപ്പെടേണ്ടതില്ല വിധിയെ കുറിച്ചോർത്ത്. സ്വന്തം ലക്ഷ്യം എന്താണെന്ന് മനസ്സിലാക്കി ആ വഴി മുന്നോട്ടു പോകാനുള്ള കഴിവുണ്ടായാൽ മാത്രം മതി. സ്വന്തം എന്ന് കരുതുന്നതെല്ലാം നഷ്ടപ്പെടുമോ എന്ന ഭയമാണ് നമുക്കെല്ലാം. ഈ പ്രപഞ്ചം സൃഷ്ടിച്ചിരിക്കുന്ന കൈകൾ തന്നെയാണ് നമ്മുടെ വിധിയും രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ഭയപ്പെടേണ്ട ആവശ്യമില്ല.

അവസാനം നിധി തേടിയുള്ള യാത്രയിൽ ഈജിപ്തിൽ പിരമിഡുകൾക്ക് സമീപം എത്തുമ്പോൾ അവിടെയുള്ള ആക്രമികളുടെ നേതാവ് താൻ കണ്ട സ്വപ്നം പറയുന്നു. സ്പെയിനിൽ ഇടിഞ്ഞു പൊളിഞ്ഞ പള്ളിമുറ്റത്തെ മരത്തിന് ചുവട്ടിൽ നിധിയുണ്ടെന്ന്. അത് കേട്ടപ്പോൾ അവന് തിരിച്ചറിഞ്ഞു നിധി തന്റെ സ്വന്തം നാട്ടിൽ തന്നെ പള്ളികടയിൽ അതായത് താൻ ആദ്യം സ്വപ്നം കണ്ട ഇടത്തു തന്നെയെന്ന്. അവൻ നാട്ടിലേക്ക് തിരിക്കുകയാണ്.


"നിന്റെ നിധിയുള്ളിടത്ത് തന്നെയാണ് നിന്റെ ഹൃദയവും". അതെ - നമ്മുടെ ഹൃദയം തന്നെയാണ് നമ്മുടെ നിധി അതിന് നാം നമ്മുടെ ഹൃദയം ശ്രദ്ധിക്കണം.

സ്വപ്നം കാണാനുള്ള പ്രാപ്തി ചെറുപ്പത്തിൽ നമുക്കുണ്ട്. എന്നാൽ പിന്നീട് തന്റെ

ലക്ഷ്യത്തിലെത്തിച്ചേരാനു ള്ള യാത്രയിൽ എല്ലാം നഷ്ടപ്പെടുമോ എന്നുള്ള പേടി അവന് ലക്ഷ്യത്തിൽ നിന്നും പിന്തിരിപ്പിക്കുന്നു. ഈ തോന്നലിനെ മറികടക്കാനുള്ള ഒരു പ്രചോദനം തന്നെ ആൽക്കമിസ്റ്റ് എന്ന ഈ പുസ്തകത്തിലൂടെ നമുക്ക് ലഭിക്കുന്നു. നമ്മുടെ ഉള്ളിലെ ശക്തിയെ നാം തന്നെ തിരിച്ചറിയുക. സ്വന്തം ലക്ഷ്യം മനസ്സിലാക്കി മുന്നേറാനും അവ യാഥാർത്ഥ്യമായി കാണാനും എല്ലാ കൂട്ടുകാർക്കും സാധിക്കട്ടെ.

**(ആൽക്കമിസ്റ്റ് എന്ന നോവലിന്റെ നിരൂപണം)**

**കവിത ടീച്ചർ**



# അല(ഹ)ങ്കാരം



ചിമ്മിണി വെളിച്ചത്തിൽ പാതിമിഴിയോടെ , അപ്പത്തിൻ്റെയും കോഴി പൊരിച്ചതിൻ്റെയും കൂടെ കണ്ട ഗൗരവം അച്ഛനാണെന്ന് വൈകിയാണറിഞ്ഞത് . തിരിമുറിയാത്ത മഴയിൽ അമ്പലക്കുളത്തിൽ പൊന്ത് കെട്ടി നീന്തൽ പഠിപ്പിക്കുന്ന ഗുരുവിനും അതേ ഗൗരവം . പരീക്ഷയ്ക്കുള്ള പുസ്തകത്താളിലെ അധ്യാപകൻ്റെ നിഴൽ രൂപത്തിനും ഗൗരവം . ഉയർന്ന റാങ്കിൽ ഉദ്യോഗം ലഭിച്ചെന്ന അറിയിപ്പിൽ അലങ്കാരം ( ഗൗരവം) അഹങ്കാരമായി . പിഴുതെടുത്ത് പറിച്ച് നട്ടപ്പോൾ

ഗൗരവത്തോടെ ഒരിറ്റ് വെള്ളം നൽകി (നട്ടാൽ നനയ്ക്കണം) . ക്ലോറിൻ മണമുള്ള ചുവരുകൾക്കുള്ളിൽ വെള്ളരിപ്രാവുകളെ സാക്ഷി നിർത്തി , നുകർന്ന വെള്ളത്തിലും ഗൗരവം അലിഞ്ഞില്ല . ഒടുവിൽ വെള്ളപുതപ്പിച്ച് കിടത്തിയപ്പോൾ അമ്മ പതം പറഞ്ഞ് കരയുന്നത് കേട്ടു. "എൻ്റെ മക്കളുടെ സങ്കടം കാണാൻ ഇനിയാരുണ്ട് ?".

രജനി.എ.വി
കുറുന്തിൽ വീട്
കരിവെള്ളൂർ പി.ഒ
9495061035





HALEEMATH HIZANA
8C







NIYA.K 8A



MURSHID.C.H
9




NIVEDYA DIVAKARAN
8A









**Hamsul Khayyoom 8C**











**AKSHAY.K 9A**



# എന്റെ കേരളം

കേരളം എന്റെ ജന്മനാടാണ് . എന്റെ പ്രിയപ്പെട്ട മാതൃഭൂമിയായ ഇന്ത്യയുടെ തെക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന ചെറിയ സംസ്ഥാനമാണ് കേരളം. ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ ഒന്നാം സ്ഥാനത്തുള്ളത് കേരളമാണ്. ഭാഷാടിസ്ഥാനത്തിൽ നവംബർ ഒന്നിനാണ് കേരളം നിലവിൽ വന്നത് . ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്നു സുന്ദരമായ ഒരു ഭൂപ്രദേശമാണ് ഇവിടെ ജനിച്ച് വളർന്നതിൽ എനിക്ക് വളരെ സന്തോഷം തോന്നുന്നു. കേരളം എന്ന വാക്ക് സൂചിപ്പിക്കുന്നത് കേരവൃക്ഷങ്ങളുടെ നാട് എന്നാണല്ലോ . കേരങ്ങൾ നൃത്തമാടുന്ന കടൽത്തീരങ്ങൾ , മനോഹരമായ കായൽ പരപ്പ്, മലയോരങ്ങൾ , സുഗന്ധദ്രവ്യങ്ങൾ , വനപ്രദേശങ്ങൾ

കളകളാരവം പുറപ്പെടുവിക്കുന്ന അരുവികൾ

കണ്ണിനും കാതലും മാത്രമല്ല മനസ്സിനും

കുളിർമിക്കുന്ന ഈ കാഴ്ചകൾ ആരെയും ഇവിടേക്ക്

ആകർഷിക്കുന്നു പ്രശസ്ത എഴുത്തുകാരും

കവികളും നാടിന്റെ പ്രശസ്തിയും അന്തസ്സും

ഉയരങ്ങളിൽ എത്തിച്ചു പ്രശസ്ത പ്രാചീന

കവികളായ ചെറുശ്ശേരി കുഞ്ചൻ നമ്പ്യാർ

എഴുത്തച്ഛൻ ആധുനിക കവിത്രയങ്ങളായ

കുമാരനാശാൻ, ഉള്ളൂർ വള്ളത്തോൾ തുടങ്ങിയവർ

എന്നും എന്റെ നാടിന്റെ അഭിമാനമാണ് എന്നാൽ

എന്റെ ഈ നാടിന്റെ ഇന്നത്തെ അവസ്ഥ എന്നെക്

കുറച്ചൊക്കെ നിരാശയാക്കുന്നു . ഉണങ്ങി

വരണ്ടുപോയ നെൽപ്പാടങ്ങളിൽ ഇനിയും പച്ചപ്പ്

പുതക്കുന്ന ഒരു ദിവസത്തിനായി ഞാൻ

കാത്തിരിക്കുന്നു. ഹിന്ദുവും മുസൽമാനും

ക്രിസ്ത്യാനിയും എല്ലാം സഹോദരരെ പോലെ

കഴിഞ്ഞിരുന്ന നല്ലകാലം പോയി മറയുകയാണോ

എന്ന് ആശങ്ക എന്നെ അസ്വസ്ഥതയാക്കുന്നു .

മദ്യവും മയക്കുമരുന്നും എന്റെ നാടിന്റെ ശാപം

ആകുന്നത് എനിക്ക് സഹിക്കാനാകുന്നില്ല . പ്രകൃതി

കനിഞ്ഞരുളിയ കാലാവസ്ഥയാണ് . സംതൃപ്തിയിലും

സന്തോഷത്തിലും കഴിഞ്ഞ പഴയ ഓണാഘോഷവും

ഉത്സവങ്ങളും എല്ലാം ഒരിക്കൽ കൂടി തിരിച്ചുവരും.

മദ്യവും മയക്കുമരുന്നും എന്റെ നാടിന്റെ ശാപം

ആകുന്നത് എനിക്ക് സഹിക്കാൻ ആകുന്നില്ല.

മനുഷ്യർ എല്ലാവരും ഏകദേശം സഹോദരങ്ങളാണ്
എന്നുള്ള ബോധ്യം ഉണ്ടാകട്ടെ

**Ayshath Raheema**
**9B**

# ചെരുപ്പ് പോലൊരു ജീവിതം

വില്ലേജ് ഓഫീസിൽ ഉമ്മറ വാതിൽക്കൽ
ഒരമ്മ ചാഞ്ഞങ്ങിരിപ്പാതുണ്ട്
ആകെ മുഷിഞ്ഞൊരു കടലാസ് കഷ്ണവും
കീറിയ ചെറു പേഴ്സും കയ്യിലുണ്ട് ഏറെ നാളിങ്ങനെ
കയറിയിറങ്ങിയ ക്ഷീണവും അമ്മയിൽ വ്യക്തമാണ്
എന്തിനെന്നറിയില്ല ഏതിനെന്നറിയില്ല
അമ്മയുടെയീ പോക്കു വരവുകൾ ഒരു മാസമ പ്പുറം
ഓഫീസിലേക്ക് ഞാൻ പോയ നേരം ഉള്ള കാഴ്ചയ
ത് അന്ന് കണ്ടമ്മയോ ഇന്നും അതുപോലെ
വാതിൽക്കൽ സീറ്റിൽ ഇരിപ്പതുണ്ട് പിന്നെയും
പിന്നെയും അമ്മയെ കണ്ടപ്പോൾ ആവശ്യം
എന്തെന്നതാരാഞ്ഞപ്പോൾ ക്ഷീണിച്ച ചുണ്ടുകൾ
ഇടറിയ ശബ്ദത്താൽ ഏതാനും ചില വാക്ക്
ഉദ്ധരിച്ചു ഏറെ നാൾ പോറ്റിയ മക്കൾ ഇന്ന്
അമ്മതൻ സ്വത്തിനായി കടിപിടി കൂടിടുന്നു
സ്വത്തുക്കൾ കൈക്കലാക്കുന്നതിന് അവർ അമ്മ
മരിച്ചുവെന്നാക്കിത്തീ ർത്തു. ഞാൻ മരിച്ചിട്ടില്ലെന്ന്
തെളിയിക്കാൻ ഓഫീസ് കയറിയിറങ്ങിയിടുന്നു

അച്ഛനില്ലാത്തരെൻ നാലു മക്കളേയും എല്ല് തേഞ്ഞു
പണി ചെയ്തു പോറ്റി താരാട്ടുപാടിയെൻ ശബ്ദവും
തേഞ്ഞു കൺ ചിമ്മാതെ നോക്കിയെൻ കാഴ്ചയും
തേഞ്ഞു സ്നേഹം പകർന്നൊരു ഹൃദയവും തേഞ്ഞു
ആനന്ദമുണ്ടായൊരോ ർമ്മയും തേഞ്ഞു അമ്മതൻ
വാക്കുകൾ കേട്ടപ്പോൾ എന്നുള്ളിൽ ഉത്തരം കിട്ടാത്ത
ചോദ്യമുണർന്നു മനുഷ്യമനസാക്ഷി തേഞ്ഞുപോയോ
മാനവികതയും തേഞ്ഞു തീർന്നു

THANMAYA MEELATH
10 F

കവിത

# അശുദ്ധം

ചുവന്ന മലരുകൾ അടർന്നു വീഴുന്നു
മുകളിൽ വെള്ള മലരുകളും.
അടിവയർ തിളച്ച ചുവന്ന മലരുകൾ വീഴുമ്പോൾ
പതിക്കുന്നു വെള്ള മലരുകൾ താഴെയും.
പരിഷ്കാരിയും പൂജാരിയും വിളിക്കും -
ഇവളെ അശുദ്ധം'
ദൈവത്തിനു മുന്നിൽ അശുദ്ധം ഇവൾ,
ലോകത്തിനു മുന്നിലും അശുദ്ധം
ഈ വേദനയ്ക്ക് അപ്പുറം അശുദ്ധം
അലട്ടുന്നു ഇവളെ വല്ലാതെ.
ദുർബലയല്ലവൾ അശുദ്ധമല്ലവൾ
ലോകത്തിന്റെ നെറുകയിലേക്ക് ഓരോ ജീവനെയും
സമ്മാനിക്കുന്ന ദൈവമാണിവൾ
ഏത് പൂജാരിയും പരിഷ്ക്കാരിയും
അശുദ്ധം എന്ന് വിളിക്കുമ്പോൾ ഓർക്കുക
ഓരോ ജീവനും മൊട്ടിട്ടതും വളർന്നതും ഈ വഴിയിലാണ്.
അത്രയും കാലം ദൈവത്തിന് മകളായി വളർന്നവൾ
ഇന്ന് ദൈവത്തിനും അശുദ്ധഠ
അമ്മയുടെ വേദനയുടെയും ഋതുമതിയുടെ വേദനയുടെ മുന്നിലും
തോറ്റുപോകും മഹാരഥന്മാർ പോലും. ആണ്ടിലൊരിക്കൽ വേദനിച്ചു
കിടക്കുമ്പോൾ ഓർക്കുക
സ്ത്രീയെന്ന നിങ്ങൾ വിളിക്കുന്ന അശുദ്ധത്തെ.
ഈ ചുവന്ന മലരുകൾ അടർന്നു വീഴുന്ന ഇവളുടെ
വെള്ളം ആരും കാണാതെ പോകുന്ന പാരിൽ

Sreya S Nair 10 F

# പരിസ്ഥിതി മലിനീകരണം

ഇക്കാലത്ത് നേരിടുന്ന ഒരു പ്രശ്നമാണ്
പരിസ്ഥിതി
മലിനീകരണം.പുഴയിലും,ചെറുതോടുകളും,പൊതു-
സ്ഥലങ്ങളിലും,റോഡുകളിലും മാലിന്യങ്ങൾ
നിക്ഷേപിക്കുന്നതിന്റെ അളവ്
വളരെക്കൂടുതലാണ്.
കൂടുതൽ മാലിന്യങ്ങൾ
കടകളിൽനിന്നും,വീടുകളിൽനിന്നും ഒക്കെയാണ്
വരുന്നത്.അതുകൊണ്ട് പ്ളാസ്റ്ററിക്
മാലിന്യങ്ങൾ ഹരിതകർമ്മ
സേനയെ ഏൽപ്പിക്കുക.

അഭിജയ്.എച്.ജെ
മുഹമ്മദ്.കെ.വി
9D

# എന്റെ വിദ്യാലയം

വിദ്യാഭ്യാസം നേടുന്നതിനുള്ള ഏറ്റവും മികച്ചതും പ്രാഥമികവുമായ സ്ഥലം സ്കൂളുകളാണ്.  വിദ്യാഭ്യാസം മാത്രമല്ല കുട്ടികളിൽ നിരവധി കഴിവുകൾ വികസിപ്പിക്കുകയും നല്ല വ്യക്തിത്വം വളർത്തിയെടുക്കാൻ ചെയ്യുന്ന ഇടമാണ് വിദ്യാലയങ്ങൾ.



സ്കൂളുകളിൽ നമ്മൾ ആസ്വദിച്ച് പഠിക്കുന്നു, അതുകൊണ്ടാണ് സ്കൂൾ ജീവിതം നമ്മുടെ ജീവിതത്തിലെ ഏറ്റവും മികച്ച ഘട്ടമായി കണക്കാക്കുന്നത്.എന്റെ സ്കൂളിന്റെ പേര് കാഞ്ഞങ്ങാട് ജിവിഎച്ച്എസ്എസ് എന്നാണ്. എന്റെ സ്കൂൾ കെട്ടിടം വളരെമനോഹരവും വിശാലവും ആണ്. എന്റെ സ്കൂളിലെ അധ്യാപകർ എല്ലാവരോടും വളരെയധികം കരുതലും സ്നേഹവും ഉള്ളവരാണ്. എന്റെ




സ്കൂളിൽ ഒരു വലിയ കളിസ്ഥലം ഉണ്ട്. അവിടെ എല്ലാ കുട്ടികളും വിവിധതരം കായിക വിനോദങ്ങളിൽ ഏർപ്പെടുന്നു. എന്റെ സ്കൂളിൽ വിശേഷപ്പെട്ട ദിനങ്ങൾ ഞങ്ങൾ ഗംഭീരമായി ആഘോഷിക്കുന്നു. സ്കൂളിലെ ലൈബ്രറിയാണ് എനിക്ക് ഏറ്റവും പ്രിയപ്പെട്ടത്.  അവിടെ ധാരാളം സാഹിത്യവും വിജ്ഞാനപ്രദവുമായ പുസ്തകങ്ങൾ ഉണ്ട്. കൂടാതെ എന്റെ സ്കൂൾ ഒരു വലിയ ഗാന്ധിജിയുടെ പ്രതിമയും ഉണ്ട്. എന്റെ സ്കൂളിൽ വലിയ സ്കൂൾ

ഹാളുമുണ്ട്.  സ്കൂളിലെ വലിയ രണ്ട് തണൽ മരങ്ങൾ ഉച്ചവെയിലിന്റെ ചൂടിൽ നിന്നും ഞങ്ങൾക്ക് സംരക്ഷണം തരുന്നു. എന്റെ സ്കൂളിൽ എനിക്ക് ധാരാളം ചങ്ങാതിമാർ ഉണ്ട്. എന്റെ സ്കൂളിൽ കമ്പ്യൂട്ടർ




പഠിക്കാനായി ഒരു കമ്പ്യൂട്ടർ ലാബും ശാസ്ത്രാനുഭവം നൽകാനായി ഒരു



സയൻസ് ലാബും ഉണ്ട്. എനിക്ക് സ്കൂളിൽ നിന്നും വളരെ പോഷകപ്രദമായ ഉച്ചഭക്ഷണം ലഭിക്കുന്നു. എല്ലാദിവസവും എന്റെ സ്കൂളിൽ ചെലവഴിക്കാൻ ഞാൻ എപ്പോഴും ആഗ്രഹിക്കുന്നു. എന്റെ സ്കൂളിൽ ഞാൻ സന്തുഷ്ടയാണ്. എന്റെ സ്കൂളിൽപിറകുവശത്തും ഗേറ്റ് ഉണ്ട് അവിടെ തീവണ്ടി പോകുന്ന റെയിൽപാളമുണ്ട്.അതിലെ ഒരുപാട് കുട്ടികൾ സ്കൂൾ വിട്ടതിനുശേഷം പോകാറുമുണ്ട്. അതിലെ പോകുന്ന കുട്ടികൾക്കായി  ഒരു നല്ല നടപ്പാത വേണമായിരുന്നു എന്ന് എനിക്ക് തോന്നാറുണ്ട്. വലിയ അപകടവും ഒഴിവായി കിട്ടും എന്ന് വിചാരിച്ചു. എന്റെ സ്കൂളിൽ നിന്നും ദിവസവും പുതിയ പാഠങ്ങൾ പഠിപ്പിക്കുന്നു അതിനാൽ എനിക്ക് എന്റെ സ്കൂളിൽ പോകാൻ ഒരുപാട് ഇഷ്ടമാണ്.

ASHMIKA RAJESH

9-D

സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്സിൽ ജി.വി.എച്ച്.എസ്. അവതരിപ്പിച്ച പ്രബന്ധം.

അവതരിപ്പിച്ചത് :
ശ്രീരഞ്ജിനി.എം.ആർ ,
ശ്രീലക്ഷ്മി.കെ.വി
(ഗൈഡ്-ദിലീപ് മാസ്ററർ)

കാലാവസ്ഥാ
വ്യതിയാനവും
അതുപോലെ
കാലാവസ്ഥ
വ്യതിയാനത്തിന്റെ
ഭാഗമായി രൂപം



എടുക്കുന്ന എൽനിനോ, ന്യൂനമർദ്ദം ഇരട്ട ന്യൂനമർദ്ദം ,ചക്രവാദച്ചുഴി തുടങ്ങിയ പ്രതിഭാസങ്ങൾ എല്ലാം മൂലം അതിശക്തമായ മഴയും അതേ തുടർന്നുള്ള വെള്ളപ്പൊക്കവും പ്രകൃതിദുരന്തങ്ങളും ഒക്കെ നാം ഇന്ന് അനുഭവിച്ചു വരികയാണ് .അടുത്തകാലത്തെങ്ങും കാണാത്ത വിധത്തിൽ നമ്മുടെ കേരളത്തിൽ പോലും വലിയ രീതിയിലുള്ള പരിസ്ഥിതി വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുകയാണ് . മനുഷ്യർ തന്നെയാണ് ഇതിന്റെ എല്ലാം കാരണം എന്ന് നാം പറയുന്നുണ്ടെങ്കിലും നാം ഇത്തരത്തിലുള്ള ദുരന്തങ്ങളെ അതിജീവിക്കാൻ തയ്യാറാകേണ്ടതുണ്ട് . അതിനുള്ള പ്രാപ്തി നേടേണ്ടതുണ്ട്. പരിസ്ഥിതിയും മനുഷ്യനും തമ്മിലുള്ള ബന്ധവും ജൈവവൈവിധ്യവും മനുഷ്യനും തമ്മിലുള്ള ബന്ധവും നിലനിർത്താൻ നാം ബാധ്യസ്ഥരാണ്. പരിസ്ഥിതി സംരക്ഷണം നമ്മുടെയെല്ലാം മുഖ്യ

കടമയാകണം . നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റണം എങ്കിൽ മാത്രമേ ശരിയായ പരിസ്ഥിതി സംരക്ഷണ ബോധവും ശരിയായ പരിസ്ഥിതി സ്നേഹവും നമ്മളിൽ ഓരോരുത്തരിലും ഉണ്ടാവുകയുള്ളൂ . ഇത്തരത്തിൽ നമുക്ക് നമ്മുടെ സംസ്ഥാനങ്ങളിൽ വ്യാപകമായിട്ടുള്ള മഴയും അതേത്തുടർന്നുള്ള മുന്നറിയിപ്പ് പ്രഖ്യാപിക്കലും (റെഡ് അലേർട്ട് ,യെല്ലോ അലേർട്ട് ) ഇതൊക്കെ നമ്മളെ സംബന്ധിച്ച് പുതിയ അനുഭവങ്ങളാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി രൂപമെടുക്കുന്ന ദുരന്ത സാഹചര്യങ്ങളെ പ്രതിരോധിക്കുന്നതിനുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ ആയാണ് നാം ഇത് കാണുന്നത് . അടുത്ത് നാം അനുഭവിച്ച 2018 ന് ശേഷമുള്ള സമാനതകൾ ഇല്ലാത്ത പ്രളയം നമ്മെ ഇരുത്തി ചിന്തിപ്പിച്ചതായിരുന്നു. പക്ഷേ പിന്നീട് നാം എല്ലാം മറക്കുകയാണ് ചെയ്തത് . അതിന്റെ ഭാഗമായി അതിതീവ്ര മഴപെയ്തപ്പോൾ നമ്മുടെ പല പ്രദേശങ്ങളും ഇപ്പോൾ വ്യാപകമായി വെള്ളക്കെട്ടുകൾ രൂപപ്പെടുകയാണ്. വെള്ളക്കെട്ടുകൾ എന്ന് പറയുന്നത് പ്രാദേശികമായി അവിടങ്ങളിൽ വെള്ളം കെട്ടി നിൽക്കുകയും വെള്ളത്തിന്

ഒഴുകാൻ കഴിയാതെ അത് സമീപ ചുറ്റുപാടുകളിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. വെള്ളക്കെട്ടുകളുടെ ഭാഗമായി കഴിഞ്ഞ ജൂലായ് മുതൽ ഒട്ടേറെ ദിവസങ്ങൾ നമ്മുടെ വിദ്യാലയങ്ങൾ പ്രവർത്തിക്കാതെ



അടഞ്ഞു കിടന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായിരുന്നു . പല ജില്ലകളിലും വെള്ളപ്പൊക്കവും ഇത്തരത്തിലുള്ള പ്രകൃതിക്ഷോഭം മൂലം വിദ്യാർത്ഥികളുടെ പഠനം മുടങ്ങുന്ന ഒരു അസാധാരണമായ സാഹചര്യം ഉണ്ടായിരുന്നു. അതോടൊപ്പം വെള്ളക്കെട്ടുകൾ കൊണ്ടുള്ള ഒട്ടേറെ ദുരന്ത വാർത്തകളും നമ്മുടെ കാതുകളിൽ എത്തിയത് നാം അമ്പരപ്പോടെയും അതുപോലെ വേദനയോടെ നോക്കി കണ്ടതാണ് . ഈ പ്രത്യേക സാഹചര്യം

നാം പഠന വിഷയമാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പ്രാദേശികമായി പ്രത്യേകിച്ച് നമ്മുടെ കാഞ്ഞങ്ങാട് സൗത്ത് പ്രദേശത്ത് വലിയ രീതിയിൽ വെള്ളക്കെട്ടുകൾ രൂപപ്പെടുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത് .





ചെറിയ ഒരു മഴപെയ്താൽ പോലും നമ്മുടെ സ്കൂൾ ഉൾപ്പെടുന്ന ഗ്രൗണ്ടിൽ ആയാലും, അതിന് സമീപത്തായാലും, സ്കൂളിലേക്കുള്ള വഴിയിലായാലും വലിയ രീതിയിലുള്ള വെള്ളക്കെട്ടുകൾ രൂപപ്പെടുകയും കുറച്ചുനാളുകൾ വരെ നീണ്ടുനിൽക്കുകയും ചെയ്യുന്ന ഒരു പ്രത്യേക സ്ഥിതിവിശേഷം നമുക്ക് ഈ അടുത്ത കാലത്ത്

കാണാനായി . അങ്ങനെയാണ് നമ്മൾ ഈ വെള്ളക്കെട്ടുകളെ കുറിച്ചുള്ള ഒരു പഠനം സെലക്ട് ചെയ്തത്.  നമ്മുടെ സ്കൂളിലും നമ്മുടെ വീടും ഉൾപ്പെടുന്ന പ്രദേശത്തെ ഒരു പ്രത്യേക പരിസ്ഥിതി പ്രശ്നം എന്ന നിലയിലാണ് ഈ വിഷയത്തെ നാം പരിഗണിച്ചത് . അതോടൊപ്പം കാലാവസ്ഥാ വ്യതിയാനം നമ്മുടെ സംസ്ഥാനത്തില്ലാത്ത വിധം ശ്രൂപപ്പെടുത്തിയിട്ടുള്ള ഒട്ടേറെ സാഹചര്യങ്ങളും നമ്മളെ ഈ പഠനത്തിലേക്ക് ആകർഷിച്ചു .

 വെള്ളക്കെട്ടുകളെ കുറിച്ചുള്ള പഠനം പ്രാദേശികമായുള്ള ഒരു പരിസ്ഥിതി വ്യതിയാനത്തെ കുറിച്ചുള്ള പഠനം ആയാണ് നാം കാണുന്നത്. എന്തുകൊണ്ടാണ് മുമ്പെങ്ങും ഇല്ലാത്തവിധം ഇത്തരത്തിൽ വെള്ളക്കെട്ടുകൾ ഞങ്ങളുടെ കാഞ്ഞങ്ങാട് സൗത്ത് പ്രദേശത്ത് സംഭവിക്കുന്നത് എന്നുള്ള ഒരു അന്വേഷണമാണ് നാം നടത്തിയിട്ടുള്ളത് . കാരണങ്ങൾ നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട് . പ്രധാനമായും അവിടങ്ങളിൽ വലിയ രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അതോടൊപ്പം റോഡുകളിലേക്ക് ചേർന്നുള്ള മതിൽ നിർമ്മാണം, റോഡുകളുടെ അശാസ്ത്രീയ

നിർമ്മാണം തൊട്ടടുത്തുണ്ടായിരുന്ന വയലുകൾ നികത്തിയത് , ജലസ്രോതസ്സുകൾ മണ്ണിട്ട് നികത്തിയത്, കാഞ്ഞങ്ങാട് സൗത്ത് പ്രദേശത്ത് ഒരു ഭാഗത്തുള്ള റെയിൽവേ ലൈന് വേണ്ടി മണ്ണിട്ട് ഉയർത്തിയത് ,അതോടൊപ്പം ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണിട്ട് ഉയർത്തിയത് ഇങ്ങനെ നിരവധി നിരവധി കാരണങ്ങൾ നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഇതുമായി ബന്ധപ്പെട്ട് ഇത് പരിഹരിക്കാൻ കഴിയുന്ന വിധത്തിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അതോടൊപ്പം ജലഗതാഗത വാട്ടർ അതോറിറ്റി വകുപ്പിനെയും ഒക്കെ നാം സമീപിക്കുകയുണ്ടായി . ഇതിന്റെ ഭാഗമായി ഇത് എങ്ങനെ വരുംവർഷങ്ങളിൽ കുറച്ചു കൊണ്ടുവരാം – എന്നാൽ നല്ല രീതിയിലുള്ള ഒരു തുടർ പ്രവർത്തനം ഇതിന്റെ ഭാഗമായി നാം ഏറ്റെടുത്തു ഒട്ടേറെ കണ്ടെത്തലുകൾ



പൊതുസമൂഹവുമായി സംവദിക്കാൻ

തീരുമാനിച്ചു . ഇത്തരത്തിലുള്ള ഒരു
അന്വേഷണത്തിലൂടെ ഭാവിയിലെങ്കിലും
വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുന്ന
സാഹചര്യങ്ങൾ മറികടക്കുന്നതിനുള്ള ഒരു
ശ്രമം ആയിട്ടാണ് ഈ പ്രോജക്റ്റിനെ നാം
കാണുന്നത്.



# ബാലവേല

പൂത്തുമ്പികളെയും
പൂക്കളെയും സ്വപ്നം കണ്ട്
പുസ്തകത്താളുകളിലൂടെ
വിജ്ഞാന ലോകത്ത്
ചുവടുറപ്പിക്കേണ്ട
കുട്ടികളിൽ ചിലർ
ജീവിതഭാരം
ചുമലിലേറ്റുന്നു.
അക്ഷരങ്ങളുടെയും
അറിവിന്റെയും
ലോകത്ത്
വ്യാപരിക്കേണ്ടവർ
തൊഴിലിടങ്ങളിലേക്ക്
വലിച്ചെറിയപ്പെടുന്നു.
ഭക്ഷണശാലകളിലും
കൃഷിയിടങ്ങളിലും കച്ചവട
കേന്ദ്രങ്ങളിലും
ദൈന്യതയൂറുന്ന
കണ്ണുകളുമായി ഇനിയും
മാഞ്ഞിട്ടില്ലാത്ത
നിഷ്കളങ്കതയും പേറി
പണിയെടുക്കുന്ന
കുട്ടിപ്പണിക്കാർ
ലോകത്തിന്റെ തന്നെ
ദുരന്തമാണ്. ഏറ്റവും
വലിയ സമ്പത്തായ
കുട്ടികളെ
സംരക്ഷിക്കാൻ
ഐക്യരാഷ്ട്ര സംഘടന
കുട്ടികളുടെ
അവകാശങ്ങൾ
ലോകവ്യാപകമായി
പ്രചരിപ്പിക്കുന്നു.
മനുഷ്യസമൂഹം
ഉത്തമമായതെല്ലാം
കൈമാറേണ്ടത് ഈ
കുഞ്ഞുങ്ങളുടെ
കൈകളിലേക്കാണ്.
ആഹ്ലാദം നിറഞ്ഞ
ബാല്യം ഈ
കുഞ്ഞുങ്ങൾക്ക്
ഉറപ്പുവരുത്തേണ്ടതുണ്ട്.

കുട്ടികളെ ബാലവേലയിൽ നിന്നും രക്ഷപ്പെടുത്താനും ആ പട്ടികയിലേക്ക് പുതിയ കുട്ടികളെ ചേർക്കപ്പെടാതിരിക്കാനും ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ ജൂൺ 12 ബാലവേല വിരുദ്ധ ദിനമായി ആചരിക്കപ്പെടുന്നു. കുട്ടികളെ ശാരീരികവും മാനസികവും സാമൂഹികവുമായി വേദനിപ്പിക്കുന്ന തൊഴിലുകളെയാണ് 'ബാലവേല'യിൽ നിർവഹിച്ചിരിക്കുന്നത്. ലോകത്തിൽ 200 ലക്ഷത്തിലധികം കുട്ടികൾ ബാലവേലയിൽ ഏർപ്പെടുന്നുണ്ട് എന്നും ഇവരിൽ അധികവും അപകടകരമായ പണിയെടുക്കുന്നതെന്നുമാണ് ഔദ്യോഗികമായ കണക്കുകൾ കാണിക്കുന്നത്. കുട്ടികളുടെ വിദ്യാഭ്യാസം അവരുടെ അവകാശമെന്ന് മനസ്സിലാക്കാത്ത രക്ഷിതാക്കൾ വരുമാനത്തിനു വേണ്ടി കുട്ടികളെ തൊഴിലാളികളാക്കുന്നു. സമൂഹത്തിൽ നിന്നും ബാലവേല എന്ന ദുരന്തം ഒഴിവാക്കണമെങ്കിൽ ദാരിദ്ര്യം നിർമ്മാർജ്ജനം നടപ്പിലാക്കുക തന്നെ വേണം.

SHAIHA. 9D

# NEGI THE FIRST VOTER





# പ്രവർത്തനങ്ങൾ





• സ്കൗട്ട് & ഗൈഡ്സ്

• വിദ്യാരംഗം കലാ സാഹിത്യ വേദി.

• ക്ലബ്ബ് പ്രവർത്തനങ്ങൾ.

• ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ

# Achievements.........



അർജ്ജുൻ കൃഷ്ണ
9 D
( ഓട്ടൻതുള്ളൽ സംസ്ഥാനതലം
A grade)



Abhinav Purushothaman
10E
State level football winner



Prajual
10E
State level football winner



Lakshmi Nanda.C
VHSE
Kabady National level winner

# THANK YOU

